QP CODE: 23125382

23125382

Reg No : .....................

Name : .....................

# UNDER GRADUATE (CBCS) REGULAR / IMPROVEMENT / REAPPEARANCE EXAMINATIONS, MAY 2023

## Second Semester

## Common Course II - ML2CCT08 - കവിതയും നാടകവും

(For B.A. Model – II Programmes – 2017 Admission onwards,
B.Sc. Model – II Programmes – 2021 Admission onwards)

96ED66E1

Time: 3 Hours

Max. Marks : 80

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. സാഹിത്യകാര പരിചയം നടത്തുക. 'സുഗതകുമാരി'.
2. സാഹിത്യകാര പരിചയം നടത്തുക. 'സച്ചിദാനന്ദൻ '.
3. അപ്പോൾ നെറ്റിയിൽ കാണുന്നതോ? അതടയാളമല്ല..... പിന്നെന്താണ്?
4. അതിന്റെ ജ്വാലയിൽ, ത്രികാല ജ്വാലയിൽ മനുഷ്യരായിരം, മനങ്ങളായിരം... വിശദമാക്കുക.
5. ആരാണ് 'തുടങ്ങിയവർ?' വ്യക്തമാക്കുക.
6. തേച്ചാലുമുരച്ചാലും പോകാത്ത ചെതുമ്പലായ് പറ്റിച്ചേർന്നിരിക്കുന്നു വെള്ളത്തിന്റെ വേദന ' വിശദമാക്കുക.
7. പുഞ്ചിരി ഹാ കുലീനമാം കള്ളമെ - ന്നാരുമില്ലാ പറയുവാനാകയാൽ 'ആരാണ് ഇങ്ങനെ വിലപിക്കുന്നത്? വിശദമാക്കുക.
8. സാഹിത്യകാര പരിചയം നടത്തുക ._ ശ്രീജ.
9. ഓരോരോ കാലത്തിലും നാടകത്തിൽ വാൻഗോഗ് ' ന്റെ സ്ഥാനമെന്ത്?
10. കഥാപാത്ര നിരൂപണം നടത്തുക - ഓരോരോ കാലത്തിലും - 'സ്മാർത്തൻ'.
11. സ്ത്രീയുടെ ദുഃഖത്തെ ആഹ്ലാദമായെണ്ണുന്ന പുരുഷ മേൽക്കോയ്മയെ ശ്രീജ എങ്ങനെ വിമർശിക്കുന്നു?
12. ഒരാൾ മൈക്രോഫോൺ നീട്ടിക്കൊടുക്കുന്നു. മറ്റൊരാൾ ക്യാമറ ഫോക്കസ് ചെയ്യുന്നു. പെൺകുട്ടി പേടിയോടെയും അറപ്പോടെയും മൂലയിൽ പതുങ്ങി ഇരിക്കുന്നു."മാധ്യമങ്ങളുടെ കച്ചവടക്കണ്ണുകൾ എത്രമാത്രം തീവ്രതയോടെ നാടകകൃത്ത് അവതരിപ്പിക്കുന്നു?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. 'വിഷവൃക്ഷ വ്യൂഹത്തിൻ വേരറുത്തീടുവാൻ, മുരടിൽ കോടാലിയായ് വീഴൂ.... ' അച്ഛന് മകനെക്കുറിച്ചുള്ള പ്രതീക്ഷകൾ ഈ വരികളിൽ എപ്രകാരം ഉൾച്ചേരുന്നു?
14. എ അയ്യപ്പന്റെ 'ഗ്രീഷ്മവും കണ്ണീരും 'ഋതുക്കളുടെ പൂക്കാല നിത്യസ്മൃതിയാണ്. വിശദമാക്കുക.
15. എല്ലാ കാവ്യ ഘടകങ്ങളിലേയ്ക്കും സംഗ്രഹിച്ചെടുക്കാവുന്ന വിരുദ്ധോക്തികളുടെ രൂപത്തിലാണ് കെ.ആർ.ടോണിയുടെ കവിതകൾ ഇടം പിടിച്ചത്.വ്യക്തമാക്കുക.
16. റോസാ, ഓടിക്കൊണ്ടിരിക്കുന്ന മനുഷ്യരാണ് ,നമ്മുടെ കാലത്തെ വേദപുസ്തകം.... .തന്റെ കാവ്യാസ്വാദകർക്ക് പി.എൻ.ഗോപീകൃഷ്ണൻ നൽകുന്ന സന്ദേശമെന്ത്?
17. വിപരീതങ്ങളിൽ നിന്നും കാവ്യസങ്കേതങ്ങളെ പുറത്തെടുത്ത് ബഹുസ്വരതയ്ക്ക് ആക്കം കൂട്ടുകയാണ് എസ്.കലേഷിന്റെ രചനാശൈലി. സമർത്ഥിക്കുക.
18. ജാതക പ്രകാരം നെന്റെ സമയം ഇപ്പൊ അത്ര നന്നല്ല.സാരല്ല. നെന്റെ കുറ്റൊമ്പല്ല. ' സന്ദർഭമേത്? വ്യ ക്തമാക്കുക.
19. ഏട്ടനാ പറഞ്ഞെ പാഞ്ചാലീടെ സൗന്ദര്യാന്ന്. ഒട്ടും കൊറവല്ല. ഇത്തിരി കൂടുതലേ ള്ളു' ഈ സന്തോഷത്തിന് കാരണമെന്ത്?
20. ടച്ച്... ശൈലി... സ്വന്തമായ സ്റ്റാന്റ്.....സെൽഫ് സ്റ്റൈൽ....എനിക്കറിയില്ല,എനിക്കൊന്നുമറിയില്ല.' സ്ത്രീയെ ഉപഭോഗവസ്തുവായി മാത്രം കാണുന്ന സമൂഹം പെൺകുട്ടിക്ക് സമ്മാനിച്ച ദുരന്ത ചിത്രങ്ങൾ ഓരോരോ കാലത്തിലും ' നാടകത്തിൽ നിന്ന് എടുത്തെഴുതുക.
21. തങ്ങളെക്കാൾ ഉയർന്നു നിൽക്കുന്ന മനോനില യെയാണ് അന്നത്തെ പുരുഷന്മാർ പേടിച്ചിരുന്നതെന്ന് ശ്രീജ തന്റെ നാടകത്തിൽ കണ്ടെത്തുന്നുണ്ട്--- വിലയിരുത്തുക

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.*

22. വ്യക്തി മനസ്സിന്റെ ആവിഷ്കാരമാണ് ആശാന് കവിത. ചിന്താവിഷ്ടയായ സീതയെ അടിസ്ഥാനമാക്കി വിലയിരുത്തുക.
23. വൈലോപ്പിള്ളിക്കവിതകളുടെ കാച്ചിക്കുറുക്കിയ മറുപുറം നിശിതമായ യുക്തിബോധമാണ്.. ആശുപത്രിയിൽ ' എന്ന കവിതയെ ഉപജീവിച്ച് വിലയിരുത്തുക.
24. 'തേക്കാനും ഉടുക്കാനും ഇല്യാത്ത കൽപകശ്ശേരിയിലെ പെൺകിടാവ് ഇഷ്ടോം മോഹോം ഒക്കെ അടക്കി വക്കണംന്നാവും. 'സാമൂഹിക സാമ്പത്തിക അസമത്വങ്ങളോടുള്ള പെൺമനസ്സിന്റെ വിഹ്വലതകൾ ഓരോരോ കാലത്തിലും 'നാടകത്തിലെ സ്ത്രീ കഥാപാത്രങ്ങളെ ഉദാഹരിച്ച് ഉപന്യസിക്കുക.
25. വാത്സല്യം കൊണ്ടാണോ അതോ പേടി കൊണ്ടാണോ വന്നത് ന്ന് അച്ഛനോട് ചോദിക്ക് മാധവീ ' അച്ഛനോടും ഇതര പിതൃസ്ഥാനീയരോടുമുള്ള തീക്ഷ്ണപരിഹാസം താത്രിയുടെ പ്രതിഷേധാഗ്നിക്ക് എത്ര മാത്രം ശക്തി പകരുന്നു? വ്യക്തമാക്കുക.

(2×15=30)